

THURSDAY 22-09-2022 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : Suraj S** **Editor : Dr Saritha Vijayan K**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-22/09/2022.

1. പി എം കിസാൻ ഗുണഭോക്താക്കളായ കർഷകർക്ക് ഭൂമി സംബന്ധമായ വിവരങ്ങൾ, e-KYC എന്നിവ ചേർക്കുന്നതിനുള്ള സമയപരിധി സെപ്റ്റംബർ 30 വരെ നീട്ടി. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സ്വന്തം പേരിലുള്ള കർഷകർ സെപ്റ്റംബർ 30-നു മുൻപായി കൃഷിവകുപ്പിന്റെ എയിംസ് പോർട്ടൽ (www.aims.kerala.gov.in) മുഖേനെ സ്വന്തം പേരിലുള്ള ഭൂമിയുടെ വിവരങ്ങൾ ReLIS പോർട്ടലിൽ അടിയന്തിരമായി ചേർക്കേണ്ടതുണ്ട്. റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) പോർട്ടലിൽ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച വിവരങ്ങൾ ഇപ്പോൾ ലഭ്യമല്ലാത്ത കർഷകർ ആയത് ഉൾപ്പെടുത്തുന്നതിന് വില്ലേജ് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. എല്ലാ പി എം കിസാൻ ഗുണഭോക്താക്കളും സെപ്റ്റംബർ 30-നു മുൻപായി നേരിട്ട് pm-kisan പോർട്ടൽ വഴിയോ, അക്ഷയ, ഡിജിറ്റൽ സേവന കേന്ദ്രങ്ങൾ വഴിയോ eKYC പൂർത്തിയാക്കണം. സ്വന്തം കൃഷിഭൂമിയുടെ വിവരങ്ങൾ സമർപ്പിക്കൽ, eKYC നടപടിക്രമം എന്നിവ മേൽപ്പറഞ്ഞ സമയപരിധിക്കുള്ളിൽ പൂർത്തിയാകാത്ത ഗുണഭോക്താക്കൾക്കു പദ്ധതിയുടെ തുടർന്നുള്ള ആനുകൂല്യങ്ങൾ ലഭ്യമാകുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് കാർഷിക വിവര സങ്കേതം ടോൾഫ്രീ നമ്പർ **1800 –425 –1661** ലോ, പി എം കിസാൻ സംസ്ഥാന ഹെൽപ് ഡെസ്ക് നമ്പറായ **0471 – 2964022, 2304022** ലോ ബന്ധപ്പെടാവുന്നതാണ്.

2. 2022 സീസണിലെ കൊപ്ര സംഭരണത്തിനായി ആഗസ്റ്റ് 1 വരെ അനുവദിച്ചിരുന്ന കാലാവധി നവംബർ 6 വരെ നീട്ടി.

3. നാളികേര വികസന ബോർഡിന്റെ നേര്യമംഗലത്തുള്ള വിത്തുൽപാദന പ്രദർശന തോട്ടത്തിൽ ഗുണമേന്മയുള്ള നാടൻ, കുറിയ ഇനം തെങ്ങിൻ തൈകൾ വിൽപനയ്ക്കു തയാറായിട്ടുണ്ട്. നാടൻ തൈ ഒന്നിന് 100 രൂപയും, കുള്ളൻ തൈ ഒന്നിന് 110 രൂപയുമാണ് വില. 10 തൈകൾ എങ്കിലും വാങ്ങുന്ന കർഷകർക്ക് സി.ഡി.ബിയുടെ തെങ്ങു പുതുകൃഷി പദ്ധതി പ്രകാരമുള്ള സബ്സിഡി ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഓഫീസുമായോ **0485 – 2254240** എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. പാളയം സാഫല്യം കോംപ്ലക്സിൽ പ്രവർത്തിക്കുന്ന കൃഷിഭവനിൽ അത്യുത്പ്പാദന ശേഷിയുള്ള നാടൻ തെങ്ങിൻ തൈകൾ വില്പനയ്ക്കായി എത്തിച്ചേർന്നിട്ടുണ്ട്. ഒരെണ്ണത്തിന് 50 രൂപയാണ് വില. ആവശ്യമുള്ളവർ കൃഷി ഭവനുമായി ബന്ധപ്പെടണമെന്ന് കൃഷി ഫീൽഡ് ഓഫീസർ അറിയിച്ചു

5. കുട്ടനാട്ടിൽ രണ്ടാം കൃഷി ഇറക്കിയ വിതച്ച് 30 ദിവസത്തിനും 100 ദിവസത്തിനും ഇടയിൽ പ്രായമായ പാടശേഖരങ്ങളിൽ ബാക്ടീരിയൽ ഇലകരിച്ചിൽ രോഗ ലക്ഷണങ്ങൾ വ്യാപകമായി കാണുന്നുണ്ട്. നിലവിലെ കാലാവസ്ഥ ഈ രോഗത്തിന്റെ വ്യാപനത്തിന് അനുകൂലമായതിനാൽ കർഷകർ നിയന്ത്രണ മാർഗ്ഗങ്ങൾ കൈക്കൊള്ളണം. രോഗത്തിന്റെ പ്രാരംഭദശയിൽ പച്ചച്ചാണക തെളിയിൽ സ്യൂഡോമോണാസ് ഫ്ളൂറസെൻസ് ചേർത്ത് തളിക്കുന്നത് രോഗവ്യാപനം തടയാൻ സഹായിക്കും വെള്ളം കയറുന്ന തുമ്പുഭാഗത്ത് ബ്ലീച്ചിംഗ് പൗഡർ ചെറു കിഴികളിലായി കെട്ടിയിടുന്നത് വെള്ളത്തിലൂടെ യുള്ള രോഗവ്യാപനം തടയും. മരുന്നു തളിക്കേണ്ട സാഹചര്യം ആവശ്യമായി വന്നാൽ വിദഗ്ധ ഉപദേശം സ്വീകരിച്ചതിനുശേഷം മാത്രം ചെയ്യുക. ഇതു സംബന്ധിച്ച സംശയങ്ങൾക്ക് കർഷകർക്ക് മങ്കൊമ്പ് കീട നിരീക്ഷണ കേന്ദ്രവുമായോ, അതത് കൃഷിഭവനുകളുമായോ ബന്ധപ്പെടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9383470696** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. ഞങ്ങളും കൃഷിയിലേക്ക് എന്ന വിഷയത്തെ ആസ്പദമാക്കി ഫാം ഇൻഫർമേഷൻ ബ്യൂറോ ഡിജിറ്റൽ വിഡിയോമത്സരം (നോൺ ചാനൽ വിഭാഗം, ടിവി ചാനൽ വിഭാഗം) ഡിജിറ്റൽ ഫോട്ടോഗ്രാഫി മത്സരം (ജനറൽ വിഭാഗം) എന്നിവയും ഹൈസ്കൂൾ ഹയർസെക്കൻഡറി സ്കൂൾ വിഭാഗം കുട്ടികൾക്കായി കാർഷിക ലേഖന രചന മത്സരം, കാർഷിക ചെറുകഥാ രചനാ മത്സരം എന്നിവയും സംഘടിപ്പിക്കുന്നു. എൻട്രികൾ ഈ മാസം 30-ന് (സെപ്റ്റംബർ 30) മുൻപായി **എഡിറ്റർ, കേരള കർഷകൻ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം-03** എന്ന മേൽവിലാസത്തിൽ ഹാർഡ് ഡിസ്ക്, പെൻഡ്രൈവ് വഴി നേരിട്ടോ അല്ലെങ്കിൽ fibshortfilmcontest@gmail.com എന്ന ഇ-മെയിലിലോ, **6238039997** എന്ന വാട്ട്സാപ്പ് നമ്പറിലോ, fibkerala എന്ന ഫേയ്സ്ബുക്ക് പേജിൽ മെസഞ്ചർ വഴിയോ അയക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 2314358, 6238039997** എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7. കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ ഒരു ദിവസം പ്രായമായ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട പൂവൻ കുഞ്ഞുങ്ങൾ പത്ത് രൂപ നിരക്കിൽ നാളെ (സെപ്റ്റംബർ 23) വിതരണം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 04 മണി വരെ **0471 2730804** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

8. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ സർക്കാർ ഹാച്ചറിയിൽ വികസിപ്പിച്ചെടുത്ത അത്യുൽപ്പാദന ശേഷിയുള്ള ഗ്രാമപ്രിയ ഇനത്തിൽപ്പെട്ട മുട്ടക്കോഴി കുഞ്ഞുങ്ങളെ കോഴി ഒന്നിന് 120 രൂപ നിരക്കിൽ കുളത്തൂപ്പുഴ മൃഗാശുപത്രി വഴി ഒക്ടോബർ 03-ന് വിതരണം നടത്തുന്നതാണെന്ന് സീനിയർ വെറ്ററിനറി സർജൻ അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **9447110978, 9048989184** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

9. **ബാലരാമപുരം** ഗ്രാമപഞ്ചായത്തിന്റെയും വെറ്ററിനറി ഡിസ്പെൻസറിയുടെയും ആഭിമുഖ്യത്തിൽ ഇന്നു മുതൽ ഈ മാസം 26 വരെ (സെപ്റ്റംബർ 26) പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പേവിഷ പ്രതിരോധ കുത്തിവയ്പ്പിനുള്ള ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **8921981713, 9446172936** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

10. ലോക റാബീസ് ദിനാചരണവുമായി ബന്ധപ്പെട്ട് സെപ്റ്റംബർ 28-ന് മണ്ണുത്തി വെറ്ററിനറി കോളേജ് രോഗപ്രതിരോധ വിഭാഗം, മണ്ണുത്തി വെറ്റിനറി കോളേജ് ഹോസ്പിറ്റലിലും കൊക്കാല വെറ്റിനറി ഹോസ്പിറ്റലിലും രാവിലെ 9 മുതൽ ഉച്ചക്ക് പന്ത്രണ്ടു മണി വരെ ഓമനമൃഗങ്ങൾക്ക് (നായ, പൂച്ച) സൗജന്യ പേവിഷബാധ പ്രതിരോധ കുത്തിവെയ്പ്പ് സംഘടിപ്പിക്കുകയാണ്. കോവിഡ് പ്രതിരോധചട്ടങ്ങൾ മാനിച്ചുകൊണ്ട് മുൻകൂട്ടി രജിസ്റ്റർ ചെയ്തവരുടെ മൃഗങ്ങൾക്ക് മാത്രമേ സൗജന്യ പേവിഷബാധ പ്രതിരോധ കുത്തിവെയ്പ്പ് ഉണ്ടായിരിക്കുകയുള്ളു. കൂടുതൽ വിവരങ്ങൾക്ക് **0487 2972065** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക..

**പരിശീലന പരിപാടികൾ**

11. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ഇന്ന് (സെപ്റ്റംബർ 22) രാവിലെ 11 മണിക്ക് **കുരുമുളക് ഇനങ്ങളും പ്രവർദ്ധന രീതികളും** എന്ന വിഷയത്തിൽ എഫ്.ഐ.ബി കേരളയുടെ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഫേയ്സ്ബുക്ക് പേജിലൂടെ തത്സമയപരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9383470289** എന്ന നമ്പരിൽ ബന്ധപ്പെടുക.

12. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **ശാസ്ത്രീയ മണ്ണ് സംരക്ഷണ മുറകൾ, ശാസ്ത്രീയ വളപ്രയോഗം, കുരുമുളക് കൃഷി, തീറ്റപ്പുൽ കൃഷി, വീട്ടുവളപ്പിലെ ജൈവ മാലിന്യ സംരക്ഷണ മാർഗ്ഗങ്ങൾ, നഴ്സറി പരിപാലനം, പഴം – പച്ചക്കറി സംസ്ക്കരണം, കോഴി വളർത്തൽ, കൂൺ കൃഷി, പച്ചക്കറി കൃഷിയിലെ നല്ല കാർഷിക മുറകൾ** എന്നീ വിഷയങ്ങളിൽ പരിശീലനങ്ങൾ നൽകുന്നു. ഒരു ദിവസത്തെ പരിശീലന ഫീസ് 300/- രൂപ. താൽപര്യമുള്ളവർ **9400483754** എന്ന ഫോൺ നമ്പറിൽ രാവിലെ 10 മുതൽ 4 മണി വരെ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

13. മലമ്പുഴ മൃഗസംരക്ഷണ കേന്ദ്രത്തിൽ വച്ച് നാളെ (സെപ്റ്റംബർ 23) രാവിലെ 10 മണി മുതൽ 4 മണി വരെ **മുട്ടക്കോഴി വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്. താൽപ്പര്യമുളളവർ **0491–2815454, 9188522713** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

14. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറി ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് മുഖാന്തിരം ഈ മാസം 23, 24 തീയതികളിൽ ഇറച്ചികോഴി വളർത്തൽ, 26ന് കാട വളർത്തൽ എന്നീ വിഷയങ്ങളിൽ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ 10. 30 മുതൽ 3 മണി വരെ **0479 2457778** എന്ന ഫോൺ നമ്പറിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.